# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### ബുള്ളറ്റിൻ ഭാഗം - II

### 2018 ഡിസംബർ, 2.

നമ്പർ. 570

**2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിലെ ശുദ്ധിപത്രം**

2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിലെ, നിയമ വകുപ്പിൽ നിന്ന് ലഭിച്ച ശുദ്ധിപത്രം അംഗങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

**ശുദ്ധിപത്രം**

പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 170 ആയി പ്രസിദ്ധീകരിച്ച 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിൽ, " ഉദ്ദേശ്യകാരണങ്ങളുടെ വിവരണം" എന്ന ശീർഷകത്തിൻ കീഴിൽ "മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ" എന്നതിനു പകരം താഴെപറയുന്ന ഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:-

" കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് 2018 ഒക്ടോബർ 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഒക്ടോബർ 20-ാം തീയതിയിലെ 2599-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 53-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2018-ലെ 53-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ."

വി.കെ. ബാബുപ്രകാശ്
സെക്രട്ടറി.